**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.സി1/42129/2012/എച്ച്.എസ്.ഇ — തീയതി : 15.06.2013

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപക നിയമനം - പാലിക്കേണ്ട വ്യവസ്ഥകൾ - സംബന്ധിച്ച് -

സൂചന :
1 GO(P) No. 154/07/G.Edn Dated 14.08.2007
2 GO(Rt) No. 29715/Gl.Edn Dated 10.06.2007
3 GO(MS) No. 161/10/Gl.Edn Dated 07.08.2010

റഗുലർ അദ്ധ്യാപകരുടെ അഭാവത്തിൽ ഹയർസെക്കന്ററി സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനായി ആവശ്യമുള്ള പക്ഷം ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കൂടാതെ ടി താത്കാലിക അദ്ധ്യാപകരുടെ പ്രവർത്തന കാലാവധി ഒരു വർഷത്തിൽ കുറവുള്ള ഒഴിവുകളിലേക്കായിരിക്കുമെന്ന് സൂചന (2) പ്രകാരം വ്യവസ്ഥ ചെയ്യുന്നുമുണ്ട്.

ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്[redacted] പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(1) ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം താഴെപറയും പ്രകാരമാണ്.

| | |
|---|---|
| HSST (Jr) | Rs.500/- per day |
| HSST | Rs.600/- per day |

(2) ഹയർസെക്കന്ററി അദ്ധ്യാപകരാകുവാൻ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ മുഖേന ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കേണ്ടതാണ്.

(3) ഇന്റർവ്യൂ സംബന്ധിച്ച നോട്ടിഫിക്കേഷൻ എല്ലാ പ്രമുഖ പത്രങ്ങളിലും പ്രാദേശിക പത്രങ്ങളിലും ഇന്റർവ്യൂവിന് രണ്ട് ആഴ്ച മുൻപേ പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ ഇത് സംബന്ധിച്ച നോട്ടീസ് പഞ്ചായത്ത് ഓഫീസ്, സ്കൂൾ മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലും പ്രദർശിപ്പിക്കേണ്ടതാണ്.

(4) ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ ദിവസം രാവിലെ അവരുടെ പേരുകൾ സ്കൂളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മെറിറ്റ് ലിസ്റ്റും റിസർവേഷൻ ലിസ്റ്റും തയ്യാറാക്കിയതിനുശേഷം ഉച്ച കഴിഞ്ഞാണ് ഇന്റർവ്യൂ നടത്തേണ്ടത്. സെലക്ഷൻ മാനദണ്ഡം മെറിറ്റായിരിക്കും. ഒന്നിടവിട്ട് മെറിറ്റ് - റിസർവേഷൻ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്യേണ്ടതാണ്.

(5) ഇന്റർവ്യൂ ബോർഡിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

1) അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധി/തലവൻ
2) പ്രിൻസിപ്പാൾ
3) വിഷയ വിദഗ്ദ്ധൻ (പ്രസ്തുത വിഷയത്തിലെ ഏറ്റവും സീനിയറായ എച്ച്.എസ്.എസ്.ടി)
4) പി.ടി.എ പ്രസിഡന്റ്

(6) ഗസ്റ്റ് അദ്ധ്യാപക നിയമനത്തിലെ റിസർവേഷൻ സംബന്ധിച്ച് പാലിക്കേണ്ട വ്യവസ്ഥകൾ

1) ഒരു അദ്ധ്യയന വർഷം ഉണ്ടാകുന്ന ആദ്യത്തെ ഒഴിവ് മെറിറ്റടിസ്ഥാനത്തിൽ നികത്തേണ്ടതാണ്.
2) രണ്ടാമത്തെ ഒഴിവ് സംവരണാടിസ്ഥാനത്തിൽ എസ്.സി/എസ്.ടി/ ഒ.ബി.സി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാവുന്നതാണ്.
3) പ്രസ്തുത മെറിറ്റിലും സംവരണാടിസ്ഥാനത്തിലും നടത്തുന്ന നിയമനങ്ങളെല്ലാം തന്നെ 1:1 റേഷ്യോയിലായിരിക്കണം.
4) യോഗ്യതയുള്ള എസ്.സി/എസ്.ടി/ഒ.ബി.സി ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഒഴിവ് മെറിറ്റ് അടിസ്ഥാനത്തിൽ നികത്താവുന്നതാണ്.
5) സംവരണതത്വം പാലിക്കുന്നതിലും ഒഴിവുകൾ നികത്തുന്നതിലും സ്കൂളിനെ ഒരൊറ്റ യൂണിറ്റായിട്ടാണ് പരിഗണിക്കേണ്ടത്.

(7) അടിയന്തിരഘട്ടത്തിൽ നടത്തുന്ന ഗസ്റ്റ് അദ്ധ്യാപക നിയമനങ്ങൾക്ക് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് പാലിക്കുന്ന പ്രക്രിയ നിർബന്ധമല്ല. ഇങ്ങനെ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് [redacted]സ്.എസ്.ടി/എച്ച്.എസ്എസ്.ടി ജൂ[redacted]യിച്ചിട്ടുള്ള [redacted] യോഗ്യത ഉണ്ട് എന്ന് സ്കൂൾ അധികൃതർ ഉ[redacted]ന്. സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്ന മുറയ്ക്ക് ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്.

(8) പീരീഡുകൾ വിഭജനം ചെയ്യുമ്പോൾ പരമാവധി പീരീഡുകൾ റഗുലർ അദ്ധ്യാപകന് നൽകിയതിനുശേഷം ശേഷിക്കുന്നവയ്ക്കായി മാത്രമേ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ പാടുള്ളൂ.

ഉദാഹരണമായി ഒരു എച്ച്.എസ്.എസ്.ടിയും എച്ച്.എസ്.എസ്.ടി (ജൂനിയർ) ഉം ഉള്ള സ്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ LWA എടുക്കുന്ന സാഹചര്യത്തിൽ ആഴ്ചയിൽ 25 പീരീഡുവരെ എച്ച്.എസ്.എസ്.ടിയ്ക്കും ശേഷിക്കുന്ന പീരിഡുകൾ ഗസ്റ്റ് അദ്ധ്യാപകനും നൽകേണ്ടതാണ്.

മേൽ പറഞ്ഞ എല്ലാ വ്യവസ്ഥകളും ഗസ്റ്റ് അദ്ധ്യാപക നിയമനത്തിൽ എല്ലാ എച്ച്.എസ്.എസ് പ്രിൻസിപ്പൾമാരും പാലിക്കേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ

23/Jay/12.06.13